## വോട്ടറാകാനുള്ള യോഗ്യത

ഏതൊരു തിരഞ്ഞെടുപ്പിലും വോട്ടുചെയ്യാൻ താങ്കൾക്ക് വോട്ടുചെയ്യാനുള്ള അവകാശമുണ്ടായിരിക്കണം.

താങ്കൾ നിർബന്ധമായും:

- വോട്ട് ചെയ്യുന്ന ദിവസം താങ്കളുടെ പ്രായം 18 വയസ്സ്, അല്ലെങ്കിൽ അതിൽ കൂടുതൽ ആയിരിക്കണം; കൂടാതെ
- അയർലൻഡിൽ താമസിക്കുന്നയാളായിരിക്കണം; കൂടാതെ
- വോട്ട് ചെയ്യാൻ രജിസ്റ്റർ ചെയ്തിട്ടുണ്ടാവണം.

താങ്കൾക്ക് വോട്ടുചെയ്യാൻ യോഗ്യതയുണ്ടെങ്കിൽപ്പോലും, *വോട്ടർ രജിസ്റ്ററിൽ* താങ്കൾ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ വോട്ടുചെയ്യാൻ കഴിയില്ല..

## പൊതുതിരഞ്ഞെടുപ്പിൽ ആർക്കെല്ലാം വോട്ടു ചെയ്യാനാകും?

പൊതുതിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യണമെങ്കിൽ താങ്കൾ:

- അയർലൻഡിൽ താമസിക്കുന്ന ഐറിഷ് അല്ലെങ്കിൽ ബ്രിട്ടീഷ് പൗരത്വമുള്ളയാളായിരിക്കണം; കൂടാതെ
- വോട്ട് ചെയ്യുന്ന ദിവസം താങ്കളുടെ പ്രായം 18 വയസ്സ്, അല്ലെങ്കിൽ അതിൽ കൂടുതൽ ആയിരിക്കണം; കൂടാതെ
- വോട്ട് ചെയ്യാൻ രജിസ്റ്റർ ചെയ്തിട്ടുണ്ടാവണം.

തദ്ദേശ തിരഞ്ഞെടുപ്പിൽ ആർക്കെല്ലാം വോട്ടു ചെയ്യാനാകും?

രാജ്യത്ത് സാധാരണയായി താമസിക്കുന്ന ഏതൊരാൾക്കും വോട്ടർമാരുടെ രജിസ്റ്ററിൽ രജിസ്റ്റർ ചെയ്യാൻ അർഹതയുണ്ട്. ഒരു തദ്ദേശ തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ താങ്കൾ ഒരു ഐറിഷ് പൗരനായിരിക്കണമെന്നില്ല.

തദ്ദേശ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യണമെങ്കിൽ താങ്കൾ:

- പ്രായം 18 വയസ്സിൽ കൂടുതലായിരിക്കണം; കൂടാതെ
- തദ്ദേശ തിരഞ്ഞെടുപ്പ് പ്രദേശത്ത് താമസിക്കുന്നയാളായിരിക്കണം; കൂടാതെ
- വോട്ടർമാരുടെ രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടുണ്ടാകണം.

യൂറോപ്യൻ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ആർക്കെല്ലാം വോട്ടു ചെയ്യാനാകും?

18 വയസ്സ് അല്ലെങ്കിൽ അതിനു മുകളിൽ പ്രായമുള്ള, ഇലക്ടർമാരുടെ രജിസ്റ്ററിൽ ഉൾപ്പെട്ടതുമായ എല്ലാ ഐറിഷ് പൗരന്മാർക്കും യൂറോപ്യൻ തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാം. താങ്കൾ ഒരു ഐറിഷ് പൗരനാണെങ്കിലും മറ്റൊരു EU രാജ്യത്താണ് താമസിക്കുന്നതെങ്കിൽ താങ്കൾക്ക് ആ രാജ്യത്ത് വോട്ടുചെയ്യാം.

താങ്കൾ മറ്റൊരു EU അംഗരാജ്യത്ത് നിന്നുള്ളയാളാണെങ്കിലും അയർലൻഡിൽ താമസിക്കുന്നയാളാണെങ്കിൽ താങ്കൾക്ക് അയർലൻഡിലെ യൂറോപ്യൻ തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാം. അങ്ങനെ ചെയ്യുന്നതിന് താങ്കളുടെ പേര് വോട്ടർ പട്ടികയിൽ ഉണ്ടായിരിക്കണം.

താങ്കൾ ഒരു EU പൗരനാണെങ്കിലും അയർലൻഡിലെ മുൻ യൂറോപ്യൻ തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ, താങ്കൾ രജിസ്ട്രേഷന് അപേക്ഷിക്കുകയും ഒരു നിയമപരമായ പ്രഖ്യാപന ഫോം, EP1 പൂരിപ്പിക്കുകയും വേണം. ഡ്യൂപ്ലിക്കേറ്റ് വോട്ടിംഗ് ഒഴിവാക്കാൻ നിയമപരമായ പ്രഖ്യാപനങ്ങൾ നിങ്ങളുടെ മാതൃരാജ്യത്തിലേക്ക് അയയ്ക്കുന്നു.

താങ്കൾക്ക് യൂറോപ്യൻ തിരഞ്ഞെടുപ്പിൽ ഒന്നിലധികം നിയോജകമണ്ഡലങ്ങളിലോ രാജ്യങ്ങളിലോ വോട്ടുചെയ്യാൻ കഴിയില്ല.

## റഫറണ്ടം അഥവാ ഹിതപരിശോധനയിൽ ആർക്കെല്ലാം വോട്ടു ചെയ്യാനാകും?

റഫറണ്ടത്തിൽ വോട്ട് ചെയ്യണമെങ്കിൽ താങ്കൾ:

- ഐറിഷ് പൗരത്വം ഉണ്ടായിരിക്കണം; കൂടാതെ
- വോട്ടർമാരുടെ രജിസ്റ്ററിൽ, പോസ്റ്റൽ വോട്ടർ പട്ടികയിൽ അല്ലെങ്കിൽ പ്രത്യേക വോട്ടർ പട്ടികയിൽ ഉണ്ടായിരിക്കണം; കൂടാതെ
- വോട്ട് ചെയ്യുന്ന ദിവസം താങ്കളുടെ പ്രായം 18 വയസ്സ്, അല്ലെങ്കിൽ അതിൽ കൂടുതൽ ആയിരിക്കണം.

## ഷാനഡ് തിരഞ്ഞെടുപ്പിൽ ആർക്കെല്ലാം വോട്ടു ചെയ്യാനാകും?

ഷാനഡ് തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ, താങ്കൾ ഇനിപ്പറയുന്നവയിൽ ഏതെങ്കിലും ആയ ഒരു ഐറിഷ് പൗരനായിരിക്കണം:

- നാഷണൽ യൂണിവേഴ്‌സിറ്റി ഓഫ് അയർലൻഡിൽ നിന്നുള്ള (അല്ലെങ്കിൽ ഒരു NUI അംഗീകൃത കോളേജിൽ നിന്നും) ബിരുദധാരി.
- ട്രിനിറ്റി കോളേജിൽ നിന്നുള്ള ബിരുദധാരി.
- ഡയ്ൽ എയ്റൻ (Dáil Eireann) അംഗം (ഒരു ഡെപ്യൂട്ടി അഥവാ TD)
- ഷാനഡിൽ നിന്നും പിരിഞ്ഞുപോകുന്ന അംഗം
- ഒരു കൗണ്ടി അല്ലെങ്കിൽ നഗര കൗൺസിൽ അംഗം (കൗൺസിലർ)

താങ്കൾക്ക് യോഗ്യതയുണ്ടെങ്കിൽ, താങ്കൾ അയർലൻഡിന് പുറത്താണ് താമസിക്കുന്നതെങ്കിൽ പോലും, NUI, ട്രിനിറ്റി കോളേജ് നിയോജകമണ്ഡലങ്ങളിൽ വോട്ടുചെയ്യാം.

## പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ആർക്കെല്ലാം വോട്ടു ചെയ്യാനാകും?

പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് താങ്കൾ നിർബന്ധമായും:

- ഒരു ഐറിഷ് പൗരൻ ആയിരിക്കണം; കൂടാതെ
- പ്രായം 18 വയസ്സ് അല്ലെങ്കിൽ അതിൽക്കൂടുതൽ ആയിരിക്കണം; കൂടാതെ
- സാധാരണയായി അയർലൻഡിൽ താമസിക്കുന്നവർ; കൂടാതെ
- വോട്ട് ചെയ്യാൻ രജിസ്റ്റർ ചെയ്തിട്ടുണ്ടാകണം.

## ലിമെറിക്ക് മേയർ തിരഞ്ഞെടുപ്പിൽ ആർക്കെല്ലാം വോട്ടു ചെയ്യാനാകും?

ലിമെറിക്ക് മേയർ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് താങ്കൾ;

- പ്രായം 18 വയസ്സ് ആയിരിക്കണം; കൂടാതെ
- സാധാരണയായി രാജ്യത്ത് താമസിക്കുന്നവർ ആയിരിക്കണം; കൂടാതെ
- ലിമെറിക്ക് സിറ്റിയിലും കൗണ്ടി നിയോജകമണ്ഡല പ്രദേശങ്ങളിലും വോട്ടുചെയ്യാൻ രജിസ്റ്റർ ചെയ്തിട്ടുണ്ടാകണം.